അക്ഷണ്വതാം ഫലമിദം നപരം വിദാമ:
സഖ്യ: പശൂനനു വിവേശയതോർവയസ്യൈ:
വക്ത്രംവ്രജേശസുതയോരനുവേണു ജുഷ്ടം
യൈർവാ നിപീതമനുരക്തകടാക്ഷമോക്ഷം **(10-21-7)**
ഗോപ്യ: കിമാചരദയം കുശലം സ്മ വേണുർ
ദ്ദാമോദരാധര സുധാമപി ഗോപികാനാം
ഭുങ്ക്തേ സ്വയം യദവശിഷ്ടരസം ഹ്രദിന്യോ
ഹൃഷ്യത്ത്വചോ*f*ശ്രു മുമുചു സ്തരവോ യഥാ*ff*ര്യാ: **(10-21-9)**
വൃന്ദാവനം സഖി ഭുവോ വിതനോതി കീർത്തിം
യദ്ദേവകീസുതപദാംബുജ ലബ്ധലക്ഷ്മി **(10-21-10)**

*ശുകമുനി തുടർന്നു:*
കൃഷ്ണനും ബലരാമനും പശുക്കളെ മേയ്ക്കാൻ ഗ്രാമത്തിനു പുറത്തുപോയി തിരിച്ചുവരുമ്പോൾ വൃന്ദാവനത്തിലെ കന്യകമാർ ഈ ദിവ്യസഹോദരൻമാരെ കണ്ണെടുക്കാതെ നോക്കുമായിരുന്നു. പ്രത്യേകിച്ചും കൃഷ്ണനെ. കൃഷ്ണൻ വനമാലയും മയിൽപ്പീലിയും അണിഞ്ഞിരുന്നു. മഞ്ഞപ്പട്ടുകോണകം അരയിൽ. അവൻ ഓടക്കുഴലിനെ വളരെ ഇഷ്ടപ്പെട്ടു. ഇടയ്ക്കെല്ലാം കൃഷ്ണൻ അതിൽ മധുരഗീതങ്ങൾ വായിച്ചു. ഗോപികമാർക്ക് ഓടക്കുഴൽ ശബ്ദം എന്നാൽ കൃഷ്ണൻ എന്നുതോന്നി. അതു കേൾക്കുമ്പോഴെല്ലാം അവർ കൃഷ്ണനെ ഓർമ്മിച്ചു. ഒരു ഗോപിക മറ്റൊരാളോട് പറഞ്ഞു. ഒരാൾക്ക് കണ്ണുകളുള്ളതിൻെറ ഉദ്ദേശവും അനുഗ്രഹവും കൃഷ്ണരാമൻമാരുടെ മുഖകമലദർശനമല്ലാതെ മറ്റൊന്നുമല്ല. പശുക്കളെത്തെളിച്ച് പുൽത്തകിടിലേക്ക് പോകുന്ന അവർ മനോഹരവസ്ത്രങ്ങളണിഞ്ഞ് പ്രഗൽഭരായ നടൻമാരെപ്പോലെ കാണപ്പെടുന്നു. നമ്മൾ ഗോപികകമാർക്ക് അവകാശപ്പെട്ട കൃഷ്ണാധരങ്ങൾ നിത്യവും ആസ്വദിക്കുന്ന ആ കോലക്കുഴൽ എന്തെല്ലാം പുണ്യങ്ങൾ ആർജ്ജിച്ചിരിക്കണം? ആ ഈറക്കുഴലിൻെറ മാതാപിതാക്കളായ നദികളും മുളക്കൂട്ടങ്ങളും തങ്ങളുടെ പുത്രൻെറ വിശേഷസൗഭാഗ്യത്തെയോർത്ത് ആഹ്ലാദിക്കുന്നു.

വൃന്ദാവനം അനുഗ്രഹീതം തന്നെ. ഈ ലോകത്തിൻെറ മുഴുവൻ മഹിമ വർദ്ധിപ്പിക്കുന്ന വൃന്ദാവനം. ഭഗവാൻ കൃഷ്ണൻെറ പാദധൂളികളാൽ പ്രാഭാപൂരമാകപ്പെട്ടിരിക്കുന്നു വൃന്ദാവനം. നോക്കു കൃഷ്ണൻെറ പാട്ടിൽ മയങ്ങിയിരിക്കുന്നവർ നമ്മൾ ഗോപികമാർ മാത്രമല്ല. ആ മാൻപേടകളെ നോക്കൂ. ആകാശത്തിലെ അപ്സരസ്സുകളും പശുക്കളും പശുക്കിടാങ്ങളും എല്ലാം കൃഷ്ണൻ ഓടക്കുഴൽ വായിക്കുമ്പോൾ അതിൽ മുഴുകി എല്ലാംമറന്ന് ഉൻമത്തരാവുന്നു. ആ കാട്ടുമരങ്ങളിലെ കിളികളെ നോക്കൂ. കൃഷ്ണസംഗീതത്തിൻെറ മധുരത്തേനുണ്ടിരുന്ന് അവക്ക് പഴങ്ങളൊന്നും വേണ്ട എന്നായിരിക്കുന്നു. തീർച്ചയായും അവരെല്ലാം വേഷപ്രച്ഛന്നരായ മാമുനിമാരാണ്. നദികൾപോലും നിറഞ്ഞുകവിഞ്ഞ് കൃഷ്ണപാദങ്ങളെ തഴുകി ഒഴുകുന്നു. നോക്കൂ ആ പർവ്വതശിഖരങ്ങൾ ഓടക്കുഴൽപ്പാട്ടുകേട്ട് രോമാഞ്ചമാർന്നിരിക്കുന്നു. പുൽച്ചെടികൾ കുത്തനെ നിവർന്ന് തരിച്ചിരിക്കുന്നു. ആ മലനിര തികച്ചും സുകൃതിയത്രെ. ഭഗവാൻ കൃഷണനുവേണ്ട ആഹാരനീഹാരാദികളും തണലുമേകാൻ അതിനു ഭാഗ്യം ലഭിച്ചുവല്ലോ.